**HADIA CSE Khutba Notes (02.08.2019)**

# മഖാമു ഇബ്റാഹീം നൽകുന്ന സന്ദേശം

നിരവധി അത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും അടങ്ങിയ പ്രദേശമാണല്ലോ മക്ക. അവയുടെ കൂട്ടത്തിൽ ഏറ്റവും വലിയ ദൃഷ്ടാന്തം ഏതായിരിക്കും?

കഅ്ബയാണോ അതോ വേറെ വല്ലതുമാണോ? ഖുർആന്റെ പ്രഖ്യാപനത്തിൽ നിന്ന് മനസ്സിലാകുന്നത് അത് മഖാമു ഇബ്റാഹീം ആണെന്നാണ്. അല്ലാഹു പറയുന്നത് നോക്കുക:

**فِيهِ آيَاتٌ بَيِّنَاتٌ مَقَامُ إِبْرَاهِيمَ وَمَنْ دَخَلَهُ كَانَ آمِنًا وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ (ال عمران)**

എന്താണ് മഖാമു ഇബ്റാഹീം? അത് ഹറമാണ്, മസ്ജിദുൽ ഹറാം ആണ്, ഹജ്ജുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ് എന്നെല്ലാം അഭിപ്രായങ്ങളുണ്ട്. എന്നാൽ ഏറ്റവും പ്രബലവും സ്വീകാര്യവുമായ അഭിപ്രായം അത് മഹാനായ ഇബ്റാഹീം (അ)ന്റെ കാൽപാദം പതിഞ്ഞ കല്ലാണെന്നാണ്. ആളുകൾ സ്പർശിച്ചത് മൂലം ഇപ്പോൾ അത് മാഞ്ഞു പോയിട്ടുണ്ടെന്നും പണ്ഡിതൻമാർ പറയുന്നു. പ്രസ്തുത കല്ലിൽ ഇബ്രാഹീം നബിയുടെ കാൽ എങ്ങനെ പതിഞ്ഞു?

**{ مَّقَامِ إبراهيم } وفيه أقوال أحدها : أنه لما ارتفع بنيان الكعبة ، وضعف إبراهيم عن رفع الحجارة قام على هذا الحجر فغاصت فيه قدماه والثاني : أنه جاء زائراً من الشام إلى مكة ، وكان قد حلف لامرأته أن لا ينزل بمكة حتى يرجع ، فلما وصل إلى مكة قالت له أم إسماعيل : إنزل حتى نغسل رأسك ، فلم ينزل ، فجاءته بهذا الحجر فوضعته على الجانب الأيمن ، فوضع قدمه عليه حتى غسلت أحد جانبي رأسه ، ثم حولته إلى الجانب الأيسر ، حتى غسلت الجانب الآخر ، فبقي أثر قدميه عليه والثالث : أنه هو الحجر الذي قام إبراهيم عليه عند الأذان بالحج ، قال القفال رحمه الله : ويجوز أن يكون إبراهيم قام على ذلك الحجر في هذه المواضع كلها (تفسير رازي)**

ത്വവാഫ് നിർവ്വഹിച്ചു കഴിഞ്ഞാൽ മഖാമു ഇബ്റാഹീമിന്റെ ചാരത്ത് പോയി നിസ്കരിക്കണമെന്നത് അതിന്റെ മഹത്വം വിളിച്ചറിയിക്കുന്നു. ഉമർ (റ) ന്റെ താൽപര്യപ്രകാരമാണ് ഇങ്ങനെ ഒരു നിയമം ഇസ്‌ലാം മുന്നോട്ട് വെച്ചത്.

**وَإِذْ جَعَلْنَا الْبَيْتَ مَثَابَةً لِلنَّاسِ وَأَمْنًا وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى (البقرة)**

**عَنْ أَنَسٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ عُمَرُ رَضِيَ اللَّهُ عَنْهُ: وَافَقْتُ رَبِّي فِي ثَلَاثٍ قُلْتُ يَا رَسُولَ اللَّهِ لَوِ اتَّخَذْتَ مِنْ مَقَامِ إِبْرَاهِيمَ مُصَلًّى فَنَزَلَتْ { وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى } (بخاري)**

ഇനി നാം ആലോചിക്കുക. എന്തിനായിരിക്കും ഇബ്റാഹീം നബിയുടെ പാദം പതിഞ്ഞ ഒരു കല്ലിന് അല്ലാഹു ഇത്രയും വലിയ ബഹുമതിയും ആദരവും നൽകിയത്? ഉത്തരം വ്യക്തമാണ്. അത് നമ്മെ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്ന ചില കാര്യങ്ങളാണ്. അഥവാ ദീനീ പ്രബോധനത്തിന് വേണ്ടി ഇബ്രാഹീം നബി (അ) നടത്തിയ നിരന്തര യാത്ര, അദ്ദേഹത്തിന്റെ കർമ്മ നൈരന്തര്യം, അർപ്പണ ബോധം മുതലായവ. മഹാനവർകളുടെ ജീവചരിത്രം പഠിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം വ്യക്തമാണല്ലോ.

4000 കൊല്ലങ്ങൾക്ക് മുമ്പ് നംറൂദ് എന്ന ക്രൂരനായ ഭരണാധികാരിയുടെ കാലത്ത് ഇറാഖിലെ ബാബിലോണിയയിലെ ഉർ എന്ന പ്രദേശത്തെ ഒരു ഗുഹയിലാണ് ഇബ്രാഹീം നബി ജനിക്കുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ നുബുവ്വത്ത് ലഭിക്കുകയും ദീനീ പ്രബോധനം കാരണം ആദ്യം നാട്ടിൽ നിന്നും പിന്നെ വീട്ടിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു. പിന്നെ ഈജിപ്തിലേക്കും തുടർന്ന് ഫലസ്തീനിലേക്കും പോയി. ഇടക്ക് മക്കയിലേക്കും അതു പോലെ മറ്റു പല പ്രദേശങ്ങളിലേക്കും നിരന്തരം യാത്രകൾ നടത്തി. അവസാനം 169- ആം വയസ്സിൽ മരണപ്പെടുകയും ഹെബ്ലോണിൽ മറമാടപ്പെടുകയും ചെയ്തു. ഇതാണ് ഇബ്റാഹീം നബിയുടെ സംക്ഷിപ്ത ജീവിതം. എന്നാൽ ഇക്കാലയളവിൽ എന്തെല്ലാം സംഭവ വികാസങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായി.

**HADIA CSE Khutba Notes (02.08.2019)**

## മഖാമു ഇബ്റാഹീം നൽകുന്ന സന്ദേശം

കുപ്രശസ്തമായ അഗ്നി കുണ്ഡത്തിൽ ഹോമിക്കപ്പെട്ടു.

**قَالُوا حَرِّقُوهُ وَانْصُرُوا آلِهَتَكُمْ إِنْ كُنْتُمْ فَاعِلِينَ قُلْنَا يَانَارُ كُونِي بَرْدًا وَسَلَامًا عَلَى إِبْرَاهِيمَ (الانبياء)**

ക്ഷേത്രത്തിലെ ബിംബങ്ങളെ തച്ചുടച്ച് ബഹുദൈവാരാധകരെ വെല്ലുവിളിച്ചു.

**وَتَاللَّهِ لَأَكِيدَنَّ أَصْنَامَكُمْ بَعْدَ أَنْ تُوَلُّوا مُدْبِرِين فَجَعَلَهُمْ جُذَاذًا إِلَّا كَبِيرًا لَهُمْ لَعَلَّهُمْ إِلَيْهِ يَرْجِعُونَ (الانبياء)**

നാട്ടുകാരോടും ഭരണാധികാരിയോടും തൗഹീദിനെയും ശിർക്കിനെയും പറ്റി നിരന്തരം സംവാദങ്ങളിൽ ഏർപ്പെട്ടു.

**وَحَاجَّهُ قَوْمُهُ قَالَ أَتُحَاجُّونِّي فِي اللَّهِ وَقَدْ هَدَانِ وَلَا أَخَافُ مَا تُشْرِكُونَ بِهِ إِلَّا أَنْ يَشَاءَ رَبِّي شَيْئًا وَسِعَ رَبِّي كُلَّ شَيْءٍ عِلْمًا أَفَلَا تَتَذَكَّرُونَ (الانعام)**

മകനെ ബലി കൊടുക്കുകയും അങ്ങനെ മൃഗബലി എന്ന സമ്പ്രദായത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

**وَنَادَيْنَاهُ أَنْ يَاإِبْرَاهِيمُ قَدْ صَدَّقْتَ الرُّؤْيَا إِنَّا كَذَلِكَ نَجْزِي الْمُحْسِنِينَ إِنَّ هَذَا لَهُوَ الْبَلَاءُ الْمُبِينُ وَفَدَيْنَاهُ بِذِبْحٍ عَظِيمٍ (الصافات)**

വിശുദ്ധ ഭവനമായ കഅ്ബ പുനർ നിർമ്മിച്ചു.

**وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ (البقرة)**

അറേബ്യയിൽ പുതിയ നാഗരികതക്ക് തുടക്കം കുറിച്ചു.

**رَبَّنَا إِنِّي أَسْكَنْتُ مِنْ ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِنْدَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلَاةَ فَاجْعَلْ أَفْئِدَةً مِنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُمْ مِنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ (ابراهيم)**

അല്ലാഹു നേരിട്ട് ചില പരീക്ഷണങ്ങൾ നടത്തുകയും അതിൽ വിജയിക്കുകയും ചെയ്തു.

**وَإِذِ ابْتَلَى إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا قَالَ وَمِنْ ذُرِّيَّتِي قَالَ لَا يَنَالُ عَهْدِي الظَّالِمِينَ (البقرة)**

തൗഹീദിനെ മനസ്സിൽ രൂഢമൂലമാക്കി.

**وَإِذْ قَالَ إِبْرَاهِيمُ رَبِّ أَرِنِي كَيْفَ تُحْيِ الْمَوْتَى قَالَ أَوَلَمْ تُؤْمِنْ قَالَ بَلَى وَلَكِنْ لِيَطْمَئِنَّ قَلْبِي قَالَ فَخُذْ أَرْبَعَةً مِنَ الطَّيْرِ فَصُرْهُنَّ إِلَيْكَ ثُمَّ اجْعَلْ عَلَى كُلِّ جَبَلٍ مِنْهُنَّ جُزْءًا ثُمَّ ادْعُهُنَّ يَأْتِينَكَ سَعْيًا وَاعْلَمْ أَنَّ اللَّهَ عَزِيزٌ حَكِيمٌ (البقرة)**

അങ്ങനെ അല്ലാഹുവിന്റെ ആത്മ മിത്രമായി മാറി.

**وَمَنْ أَحْسَنُ دِينًا مِمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ وَاتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا وَاتَّخَذَ اللَّهُ إِبْرَاهِيمَ خَلِيلًا (النساء) يعني صفياً والخلة صفاء المودة وقيل الخلة الافتقار والانقطاع فخليل الله المنقطع إليه وسمي إبراهيم خليلاً لأنه انقطع إلى الله في كل حال . وقيل الخلة الاختصاص والاصطفاء وسمي إبراهيم خليلاً لأنه والى في الله وعادى في الله وقيل لأنه تخلّق بأخلاق حسنة وخلالٍ كريمة وقيل الخليل المحب الذي ليس في محبته خلل وسمي إبراهيم خليل الله لأنه أحبه محبة كاملة ليس فيها نقص ولا خلل (تفسير الخازن)**

അവസാനം ആകാശ ലോകത്തെ അത്ഭുതങ്ങൾ ദർശിക്കാൻ സാധിച്ചു.

**HADIA CSE Khutba Notes (02.08.2019)**

## മഖാമു ഇബ്റാഹീം നൽകുന്ന സന്ദേശം

**وَكَذَٰلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ (الانعام) معناه وكما أرينا إبراهيم البصيرة في دينه والحق في خلاف قومه وما كانوا عليه من الضلال في عبادة الأصنام نريه ملكوت السموات والأرض فلهذا السبب عبر عن هذه الرؤية بلفظ المستقبل في قوله وكذلك نرى إبراهيم لأنه تعالى كان أراه بعين البصيرة أن أباه وقومه على غير الحق فخالفهم فجزاه الله بأن أراه بعد ذلك ملكوت السموات والأرض فحسنت هذه العبارة لهذا المعنى . والملكوت : الملك زيدت فيه التاء للمبالغة كالرهبوت والرغبوت ، والحرموت من الرهبة والرغبة والرحمة .**

**قال ابن عباس : يعني خلق السموات والأرض . وقال مجاهد وسعيد بن جبير : يعني آيات السموات والأرض وذلك أنه أقيم على صخرة وكشف له عن السموات حتى رأى العرش والكرسي وما في السموات من العجائب وحتى رأى مكانه في الجنة (خازن)**

ചുരുക്കത്തിൽ എത്ര സംഭവബഹുലവും ക്രിയാത്മകവും സക്രിയവുമായിരുന്നു ഇബ്റാഹീം നബിയുടെ ആയുസ്സ്. ഇക്കാര്യം നിരന്തരം ലോക വിശ്വാസികളെ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുകയാണ് വിശുദ്ധ ഹറമിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള മഖാമു ഇബ്റാഹീം. അതു കാണുമ്പോൾ മഹാനായ ഒരു പ്രവാചകൻ ദീനിന്റെ വഴിയിൽ പിന്നിട്ട ദൂരങ്ങളെ എങ്ങനെ ഒരു വിശ്വാസിക്ക് വിസ്മരിക്കാൻ സാധിക്കും? അല്ലെങ്കിലും ഖുർആനിലൂടെ അല്ലാഹു നിരന്തരം ഉണർത്തുന്നത് നിങ്ങൾ ഇബ്റാഹീം നബിയുടെ ജീവിതം പിൻപറ്റണമെന്നല്ലേ!

**وَمَنْ يَرْغَبُ عَنْ مِلَّةِ إِبْرَاهِيمَ إِلَّا مَنْ سَفِهَ نَفْسَهُ وَلَقَدِ اصْطَفَيْنَاهُ فِي الدُّنْيَا وَإِنَّهُ فِي الْآخِرَةِ لَمِنَ الصَّالِحِينَ (البقرة)**

അത് കൊണ്ട് കർമ്മ നൈരന്തര്യവും ദീനിന് വേണ്ടിയുള്ള അക്ഷീണ പ്രയത്നവും കൊണ്ട് നാം മഹാനായ ഇബ്രാഹീം (അ) മിന്റെ ചര്യ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുക. മഖാമു ഇബ്രാഹീം ഉയർത്തുന്ന ചിന്തയും മറ്റൊന്നല്ല.

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**